# ഇ-പഠന കേന്ദ്രം
# കേരള കാർഷിക സർവകലാശാല

കേരളത്തിലെ എല്ലാ
കോളേജ്
വിദ്യാർത്ഥികൾക്കും
അവസരം



# കാർഷിക മേഖലയിൽ ഹ്രസ്വചിത്രം: തിരക്കഥ രചന മത്സരം



മികച്ച
തിരക്കഥക്ക്
**Rs.10000/-**

തിരക്കഥ
സ്വീകരിക്കുന്ന
അവസാന തിയ്യതി
31 ഡിസംബർ 2023
5 PM IST

+91 8547837256, 0487-2438567
celkau@gmail.com

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (CeL), കാർഷിക രംഗത്ത് കൃഷിയുടെ മഹത്വത്തെ അടിയാളപ്പെടുത്തുന്ന ഒരു ഹ്രസ്വ ചിത്രത്തിനുള്ള തിരക്കഥ രചന മത്സരം സംഘടിപ്പിക്കുന്നു. ദൃശ്യ-മാധ്യമ ലോകത്ത് കഴിവ് പ്രകടിപ്പിക്കുവാനുള്ള ആവേശകരമായ ഒരു അവസരം. നമ്മുടെ ദൈനംദിന ജീവിതത്തിൽ കൃഷിയുടെ പ്രാധാന്യവും മഹത്വവും വിളിച്ചോതുന്ന തരത്തിലുള്ള ഒരു തിരക്കഥയാണ് ലക്ഷ്യമിടുന്നത്.

## ഉദ്ദേശ്യം

കാർഷിക മേഖലയിലെ അനുഭവങ്ങൾ, കൃഷിയിലെ സാരാംശം തുടങ്ങി, കാർഷിക ലോകം എന്ന അത്ഭുത പ്രപഞ്ചത്തെ ജനഹൃദയങ്ങളിലേക്ക് ആഴത്തിൽ വേരോടിക്കാൻ കഴിയുന്ന വിധത്തിലുള്ള  കഥകളായിരിക്കണം. യുവജനങ്ങളെയും വിദ്യാർത്ഥികളേയും കൃഷിയിലേക്ക് ആകർഷിക്കുന്നതോടൊപ്പം കാർഷിക മേഖലയുടെ അനന്തസാധ്യതകൾ തുറന്നു കാട്ടുന്നതാകണം. ആസ്വാദകരെ കാർഷിക വൃത്തിയിലേക്ക് ആകൃഷ്ടരാക്കുന്നതിന് പ്രേരണ നൽകുന്ന തിരക്കഥകളായിരിക്കണം.

## ആർക്കൊക്കെ അപേക്ഷിക്കാം

- 30 വയസ്സിൽ കവിയാത്ത കേരളത്തിലെ എല്ലാ കോളേജ് വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം

## നിയമങ്ങൾ

- ഒരാൾക്ക് പരമാവധി ഒരു തിരക്കഥ മാത്രം സമർപ്പിക്കാം
- കഥകൾ മലയാളത്തിൽ ടൈപ്പ് ചെയ്ത് സമർപ്പിക്കേണ്ടതാണ്-
- ഒരു ഷീറ്റിന്റെ ഒരു വശം മാത്രം ഉപയോഗപ്പെടുത്തുക. തയ്യാറാക്കുമ്പോൾ ഉപയോഗിക്കേണ്ട ഫോണ്ട്: കാർത്തിക അല്ലെങ്കിൽ രഘുമലയാളം, ഫോണ്ടിന്റെ വലുപ്പം : 12-പോയിന്റ്, ഡബിൾ സ്പേസ്, 30 മിനുട്ട് ദൈർഘ്യം.
- നിർദ്ദിഷ്ട അവസാന ദിവസത്തിന് ശേഷം പ്രവേശന അപേക്ഷ സ്വീകരിക്കുന്നതല്ല
- സമർപ്പിച്ച തിരക്കഥ തിരികെ നൽകുന്നതല്ല. അത് ഉപയോഗിക്കുന്നതിനുള്ള പൂർണ്ണ അവകാശം ഇ-പഠന കേന്ദ്രത്തിനായിരിക്കും. ഇത് ഉപയോഗിച്ച് നിർമ്മിക്കുന്ന ഹ്രസ്വ ചിത്രത്തിൽ തിരക്കഥയുടെ ഉപജ്ഞാതാവിന്റെ പേരും മേൽവിലാസവും രേഖപ്പെടുത്തുന്നതാണ്.
- മൊത്തം അപേക്ഷകൾ 5 എണ്ണത്തിൽ താഴെ ലഭിച്ചാൽ മത്സരം ഉണ്ടാകുന്നതല്ല
- കഥകൾ മുമ്പ് പ്രസിദ്ധീകരിക്കുകയോ, മറ്റ് ആരുടെയെങ്കിലും തിരക്കഥകൾ മോഷ്ടിച്ച് സമർപ്പിക്കുകയോ ചെയ്യുന്ന പക്ഷം അത്തരം അപേക്ഷകൾ നിരസിക്കപ്പെടുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
- തിരക്കഥ വിജയിക്ക് സമ്മാനമായി ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്.
- മത്സരത്തിൽ ഷോട്ട് ലിസ്റ്റ് ചെയ്ത ആദ്യത്തെ 10 അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

## പ്രധാന തിയ്യതികളും സമയ പരിധിയും

**അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തിയ്യതി : 2023 ഡിസംബർ 31, 5 PM**

## അപേക്ഷ എങ്ങനെ സമർപ്പിക്കാം

- തിരക്കഥയ്ക്ക് അപേക്ഷകർ നൽകിയ തലക്കെട്ടോടെ "കാർഷിക മേഖലയിൽ ഹ്രസ്വ ചിത്രം: തിരക്കഥ രചന മത്സരം" എന്ന് രേഖപെടുത്തിയ കവർപേജ് ഉൾപെടുത്തി - cel@kau.in എന്ന ഇ-മെയിലിൽ അയക്കുന്നതോടൊപ്പം അതിൻറെ ഹാർഡ് കോപ്പി രാജിസ്റെർട് തപാൽ വഴി താഴെ നൽകിയിരിക്കുന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
- സമർപ്പിക്കുന്ന അപേക്ഷയിൽ പേര്, ബന്ധപ്പെടാവുന്ന വിവരങ്ങൾ, വയസ്സ് തെളിയിക്കുന്ന രേഖകൾ സഹിതം ഒരു ബയോഡാറ്റയും കൂടെ സമർപ്പിക്കേണ്ടതാണ്.

## തിരക്കഥ വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

- ലക്ഷ്യ സാധൂകരണം
- ആകർഷണീയമായതും അർത്ഥവത്തുമായ തലക്കെട്ട്
- ഭാവനാത്മകത/സർഗ്ഗാത്മകത, ഫലപ്രദമായ രീതിയിലുള്ള അവതരണം
- ദൃശ്യവൽക്കരണത്തിനും അർത്ഥവത്തുമായ പശ്ചാത്തല ചിത്രീകരണത്തിനുമുള്ള സാധ്യത
- മികവുറ്റ സന്ദേശം
- ആകർഷണീയമായ തുടക്കവും മനസ്സിൽ തട്ടി നിൽക്കുന്ന ഒടുക്കവും
- മൗലികത്വം
- മനസ്സിനെ സ്പർശിക്കുന്ന സംഭാഷണ –സന്ദർഭസൃഷ്ടി
- ആക്ഷനും സംഭാഷണവും തമ്മിലുള്ള സന്തുലിതത്വം

## വിജയികളുടെ പ്രഖ്യാപനം
## 2024 ഫെബ്രുവരി 2

ന്യായമായ മൂല്യനിർണ്ണയ പ്രക്രിയ ഉറപ്പാക്കുന്നതിന് സമർപ്പണങ്ങൾ വിലയിരുത്തുന്നതിൽ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതാണ്

## പുരസ്കാരം
## മികച്ച തിരക്കഥക്ക് : ക്യാഷ് അവാർഡ്- Rs.10000 / -

കാർഷിക ലോകത്തെ കുറിച്ച് പ്രേക്ഷകരെ ബോധവൽക്കരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ആകൃഷ്ടരാക്കുകയും ചെയ്യുന്ന തിരക്കഥകൾ നിങ്ങളിലൂടെ ഉത്ഭവിക്കട്ടെ. ഓരോ മനുഷ്യൻറെ അന്നത്തിനും സുസ്ഥിരമായ ഭാവി തലമുറക്കും പിന്നിലുള്ള അജ്ഞാത നായകന്മാരെ ലോകം അറിയുന്നതിനും അത് കേരളത്തിലെ ഓരോ പൌരനും ആഘോഷമാക്കി മാറ്റാനും നിങ്ങളുടെ കഥകൾക്ക് സാധിക്കട്ടെ. കഥപറയുന്ന കലയിലൂടെ വ്യത്യസ്തത കൈവരിക്കാൻ നിങ്ങളിലൂടെ ഞങ്ങൾക്കും സാധ്യമാവാൻ നമുക്ക് ഒരുമിച്ച് കൈ കോർക്കാം..........

സെന്റർ ഫോർ ഇ-ലേർണിംഗ്,
ഐഡി-ബിഡി കോപ്ലക്സ്, വെള്ളാനിക്കര,
കാർഷിക സർവകലാശാല, തൃശ്ശൂർ -680656
ഫോൺ നമ്പർ: 8547837256 ഇമെയിൽ ഐഡി: cel@kau.in